LIBRARY ARCHIVES Kerala Legislative Assembly

## പകർച്ചവ്യാധികൾമൂലം പാലക്കാട് ജില്ലയിൽ മരണപ്പെട്ടവർ

144 [1722] ശ്രീ. വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലവർഷവുമായി ബന്ധപ്പെട്ട് പാലക്കാട് ജില്ലയിൽ മലമ്പനി, ഡെങ്കിപ്പനി, വയറിളക്കം, മറ്റു സാംക്രമിക രോഗങ്ങൾ മൂലം എത്രയാളുകൾ മരിച്ചിട്ടുണ്ട്;

(ബി) ആരോഗ്യവകുപ്പിൽ ആവശ്യത്തിന് ജീവനക്കാർ ഇല്ലാത്തതു കൊണ്ടാണ് പാലക്കാട് ജില്ലയിൽ വരൾച്ചയിലും കാലവർഷത്തിലും ഇങ്ങനെ ആളുകൾ മരിക്കാൻ ഇടവരുന്നത് എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇവിടുത്തെ ജെ.പി.എച്ച്.എൻ., ജെ.എച്ച്.ഐ. എന്നീ തസ്തികകൾ നികത്താൻ നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) കാലവർഷവുമായി ബന്ധപ്പെട്ട് ജില്ലയിൽ മലമ്പനി, ഡെങ്കിപ്പനി എന്നിവമൂലം മരണം ഉണ്ടായിട്ടില്ല. വയറിളക്കംമൂലം നാലു മരണങ്ങൾ ഉണ്ടായിട്ടുണ്ട്.

(ബി) ആരോഗ്യവകുപ്പിൽ ആവശ്യത്തിന് ജീവനക്കാർ ഇല്ലാത്തതു മൂലമല്ല പ്രസ്തുത മരണങ്ങൾ സംഭവിച്ചിട്ടുള്ളത്.

(സി) ദേശീയ കുഷ്ഠരോഗ നിർമ്മാർജ്ജന പരിപാടി അവസാനിപ്പിച്ചതിനാൽ പ്രസ്തുത പരിപാടിയിലെ ജീവനക്കാരെ പൊതുജനാരോഗ്യ വിഭാഗത്തിലെ വിവിധോദ്ദേശ്യ ജീവനക്കാരുമായി സംയോജിപ്പിക്കുവാൻ നയപരമായ തീരുമാനം എടുത്തിട്ടുള്ളതിനാൽ നിലവിലുള്ള രണ്ടാം ഗ്രേഡ് ജെ.എച്ച്.ഐ. തസ്തികയിലേയ്ക്കുള്ള ഒഴിവുകൾ തൽക്കാലം നികത്തുവാൻ കഴിയുകയില്ല.

ബഹു. കേരള ഹൈക്കോടതിയുടെ വിവിധ റിട്ട് അപ്പീലുകളിലെ വിധിന്യായങ്ങളിൽ നിർദ്ദേശിച്ചിരിക്കുന്നതിൻപ്രകാരം രണ്ടാം ഗ്രേഡ് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കിയാൽ മാത്രമേ ഒന്നാം ഗ്രേഡ് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയിലെ ഒഴിവുകൾ പ്രൊമോഷൻ മുഖേന നികത്തുവാൻ കഴിയുകയുള്ളൂ.

ജെ.പി.എച്ച്.എൻ.-മാരുടെ ഒഴിഞ്ഞു കിടക്കുന്ന തസ്തികകൾ നികത്താനുള്ള അടിയന്തിര നടപടി സ്വീകരിച്ചുവരുന്നു.